(1)	(2)
തിരുവല്ല	82,75,408
കോട്ടയം	57,83,604
എറണാകുളം	63,40,666
തൃശ്ശൂർ	59,47,996
പാലക്കാട്	61,21,303
വാഴത്തോപ്പ്	1,37,00,774
മലപ്പുറം	61,37,556
കൽപ്പറ്റ	16,30,585
കോഴിക്കോട്	56,37,528
കണ്ണൂർ	38,86,581
കാസർഗോഡ്	26,46,457
ആകെ	9,72,57,121

(ഡി) എ.പി.റ്റി. സ്ക്വാഡുകൾ രൂപീകരിച്ചതുമുതൽ ബോർഡിലെതന്നെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരാണ് സ്ക്വാഡ് തലവന്മാരായി പ്രവർത്തിക്കുന്നത്. ആയത് മാറ്റുന്നതുമായി ബന്ധപ്പെട്ട് യാതൊരു തീരുമാനവും നാളിതുവരെ കൈക്കൊണ്ടിട്ടില്ല.

വൈദ്യുതി മോഷണം

48 (6499) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ എത്ര യൂണിറ്റ് വൈദ്യുതി മോഷ്ടിച്ചത് കണ്ടെത്തിയിട്ടുണ്ട് ; ആയതുപ്രകാരം എന്തുതുക പിഴയിനത്തിൽ ഈടാക്കി ; ജില്ലതിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഇക്കാലയളവിനുള്ളിൽ ഇതുമായി ബന്ധപ്പെട്ട് എത്രവൈദ്യുതി ബോർഡ് ജീവനക്കാരെ ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് പിടികൂടിയിട്ടുണ്ട് ; അവർ ആരെല്ലാം ; അവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ; വിശദാംശം വ്യക്തമാക്കുമോ ;

(സി) ഇതുമായി ബന്ധപ്പെട്ട് ഏതൊക്കെ സ്വകാര്യ സ്ഥാപനങ്ങൾക്കെതിരെയാണ് ബോർഡ് നടപടി സ്വീകരിച്ചത് ; എപ്രകാരമുള്ള നടപടികൾ ; വിശദാംശം വ്യക്തമാക്കുമോ ;

(ഡി) വൈദ്യുതി മോഷണം തടയാൻ നൂതനമായ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ 6696040 യൂണിറ്റ് വൈദ്യുതി മോഷ്ടിച്ചത് കണ്ടെത്തിയിട്ടുണ്ട്. ആയതിന് 8,32,42,729 രൂപയുടെ പിഴ ഈടാക്കിയിട്ടുണ്ട്. അവയുടെ ജില്ലതിരിച്ചുള്ള വിവരം താഴെ കൊടുക്കുന്നു :

ജില്ല	വൈദ്യുതിയുടെ യൂണിറ്റ്	പിഴ തുക
തിരുവനന്തപുരം	604982	10932683
കൊല്ലം	789892	19249678
ആലപ്പുഴ	311591	4832821
പത്തനംതിട്ട	165320	2365102
കോട്ടയം	186072	758061
എറണാകുളം	549113	6340666
തൃശൂർ	346764	5947996
ഇടുക്കി	852576	13485371
പാലക്കാട്	621691	6220995
മലപ്പുറം	30541	267005
വയനാട്	51034	1055563
കോഴിക്കോട്	383680	4517455
കണ്ണൂർ	1221712	3749709
കാസർഗോഡ്	581077	3519624
ആകെ	6696040	83242729

(ബി) ഇക്കാലയളവിനുളളിൽ വൈദ്യുതി മോഷണം നടത്തിയതിന് മൂന്ന് വൈദ്യുതി ബോർഡ് ജീവനക്കാരെ എ.പി.റ്റി.എസ്. പിടികൂടിയിട്ടുണ്ട്.

1. അനിൽകുമാർ. കെ., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, എടത്വ.

നിയമപ്രകാരമുള്ള പിഴ ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ചു. നിലവിൽ കേസ് കോടതിയുടെ പരിഗണനയിലാണ്. കോടതി നിർദ്ദേശപ്രകാരം പിഴയുടെ 50 ശതമാനമായ 6,657 രൂപ ഈടാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2. പി. ഉദയകുമാർ, ഓവർസീയർ, ഇലക്ട്രിക്കൽ സെക്ഷൻ, പരവൂർ

ടിയാൻ താമസിക്കുന്ന പരവൂർ ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിലുള്ള 6931-ാം കൺസ്യൂമർ നമ്പർ വൈദ്യുതി കണക്ഷനുള്ള കെട്ടിടം എ.പി.റ്റി.എസ്. 10-10-2012-ൽ പരിശോധന നടത്തുകയും വൈദ്യുതി മോഷണം കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ടി വൈദ്യുതി മോഷണവുമായി ബന്ധപ്പെട്ട് ബോർഡിന് 30,146 രൂപയുടെ സാമ്പത്തിക നഷ്ടം ഉണ്ടാകുകയും ആയത് ടിയാനിൽനിന്ന് ഈടാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ചാത്തന്നൂർ ഇലക്ട്രിക്കൽ ഡിവിഷൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർ ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും അതിന്റെ ഭാഗമായി 1-11-2012-ന് കുറ്റാരോപണ പത്രിക നൽകുകയുമുണ്ടായി. അനന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

3. എസ്. സലിം, ഓവർസീയർ, ഇലക്ട്രിക്കൽ സെക്ഷൻ, പരവൂർ

എ.പി.റ്റി.എസ്. 23-6-2014-ന് കരുനാഗപ്പള്ളി നോർത്ത് ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിലെ 8459-ാം കൺസ്യൂമർ നമ്പറിലുള്ള ടിയാന്റെ വീട്ടിൽ പരിശോധന നടത്തി വൈദ്യുതി മോഷണം കണ്ടെത്തിയിട്ടുണ്ട്. ടിയിനത്തിൽ ബോർഡിന് 36,726 രൂപയുടെ സാമ്പത്തികനഷ്ടം ഉണ്ടാകുകയും ആയത് ടിയാനിൽനിന്ന് ഈടാക്കുകയും ചെയ്തിട്ടുണ്ട്. ചാത്തന്നൂർ ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ടിയാനെ 24-6-2014-ലെ ഉത്തരവുപ്രകാരം സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്ത് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇക്കാലയളവിൽ വൈദ്യുതി മോഷണം നടത്തിയ സ്വകാര്യ സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധമായി കൊടുത്തിട്ടുണ്ട്.* വൈദ്യുതി മോഷണം നടത്തിയതിന് ടി. സ്ഥാപന ഉടമകളിൽനിന്നും പിഴത്തുക ഈടാക്കുകയും വൈദ്യുതി നിയമം 2003 അനുശാസിക്കുന്ന പ്രകാരം കോമ്പൗണ്ടിംഗ് ഫീ ഈടാക്കി ക്രിമിനൽ നടപടികളിൽനിന്നും ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. കോമ്പൗണ്ടിംഗ് ഫീ ഒടുക്കാതിരുന്ന ക്രമനമ്പർ 2, 5 എന്നിവ പ്രകാരമുള്ള സ്ഥാപന ഉടമകൾക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) എ.പി.റ്റി. സ്ക്വാഡുകൾക്ക് വൈദ്യുതി മോഷണം തടയുന്നതിനായി നൂതനമായ ഡിജിറ്റൽ ക്യാമറ, കോമൺ മീറ്റർ റീഡിംഗ് ഉപകരണം, റ്റോങ്ങ് ടെസ്റ്റർ, മൾട്ടിമീറ്റർ തുടങ്ങിയ ഉപകരണങ്ങൾ നൽകിയിട്ടുണ്ട്. ഇതുകൂടാതെ എ.പി.റ്റി. സ്ക്വാഡുകൾ നടത്തുന്ന പരിശോധനകളുടെ കൃത്യതയ്ക്കായി അതിനൂതനമായ എച്ച്.റ്റി. സ്റ്റാൻഡേർഡ് റഫറൻസ് മീറ്റർ (ആക്കുറസി ക്ലാസ് 0.02) എൽ.റ്റി. സ്റ്റാൻഡേർഡ് റഫറൻസ് മീറ്റർ (ആക്കുറസി ക്ലാസ് 0.01), പ്രൈമറി കറണ്ട് ഇൻജക്ഷൻ കിറ്റ് (ഡിജിറ്റൽ - 2000 A) തുടങ്ങിയ ഉപകരണങ്ങളും വാങ്ങുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly